**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 234** **22-07-2021 - ൽ മറുപടിയ്ക്ക്**

**കാസർഗോഡ് ജില്ലയിലെ സോളാർ പാർക്കുകളിൽ നിന്നുള്ള വൈദ്യുതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിൽ പ്രവർത്തിക്കുന്ന സോളാർ പാർക്കുകളിൽ നിന്നും എത്ര യൂണിറ്റ് വൈദ്യുതിയാണ് പ്രതിദിനം ഉൽപാദിപ്പിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | കാസറഗോഡ് ജില്ലയിലെ അമ്പലത്തറയിൽ 50 MW ഉം പൈവളികയിൽ 50 MW ഉം സോളാർ പ്ലാന്റുകളാണ് ഉള്ളത്. അമ്പലത്തറ സോളാർ പ്ലാന്റിൽ നിന്നുള്ള ശരാശരി പ്രതിദിന വൈദ്യുതോല്പാദനം ഏകദേശം 2 ലക്ഷം യൂണിറ്റും പൈവളികെ പ്ലാന്റിൽ നിന്നുള്ള ശരാശരി പ്രതിദിന വൈദ്യുതോല്പാദനം ഏകദേശം 2.2 ലക്ഷം യൂണിറ്റും ആണ്. കാലാവസ്ഥ വ്യതിയാനത്തിനനുസരിച്ച് ഉല്പാദനത്തിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടാകും . |
| (ബി) | പ്രസ്തുത സോളാർ വൈദ്യുതി നിലയങ്ങൾക്കായി എത്ര കോടി രൂപ ഇതുവരെ ചെലവഴിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ? | (ബി) | കാസറഗോഡ് സോളാർ നിലയങ്ങൾക്കായി 560 കോടി രൂപ ചെലവായിട്ടുണ്ട്. സോളാർ പാർക്കിന്റെ വികസനം (അടിസ്ഥാനസൗകര്യം ഒരുക്കൽ, കൺസൾട്ടൻസി, സർവ്വേ, കെട്ടിടം, internal power evacuation മുതലായവ), സോളാർ നിലയങ്ങൾ സ്ഥാപിക്കൽ എന്നിവക്കുള്ള മൊത്തം ചെലവാണിത്. സോളാർ നിലയങ്ങൾ സ്ഥാപിച്ചിരിക്കുന്നത് IREDA, THDCIL എന്നിവരാണ്. സോളാർ പാർക്കിന്റെ വികസനത്തിനുള്ള ചെലവിൽ 12.6 കോടി രൂപ MNRE ഗ്രാന്റ് ആണ്. പ്രസ്തുത നിലയങ്ങളിൽ നിന്നുമുള്ള പവർ ഇവാക്വേഷനായി (power evacuation) KSEBL ന് ഏകദേശം 29.678 കോടി രൂപയും ചെലവായിട്ടുണ്ട്. ഇതിനും MNRE ഗ്രാന്റ് ലഭ്യമാണ്. |

സെക്ഷൻ ഓഫീസർ